(2) നോർത്ത് വയനാട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീമതി രാധാരാഘവൻ: സർ, നോർത്ത് വയനാട് നിയോജക മണ്ഡലത്തിലെ കൂടൽക്കല്ല് ശുദ്ധജല വിതരണ പദ്ധതിപ്രകാരം മാനന്തവാടി, ഇടവക, വെള്ളമുണ്ട എന്നീ മൂന്നു പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയും. ഇതുവരെ 171 ലക്ഷം രൂപ ചെലവിൽ ടാങ്കുകളുടേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും വെള്ളം വിതരണം ചെയ്യുന്നതിനുള്ള പൈപ്പ് ലൈനിന്റേയും പണി തീർത്തിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാക്കിയ ലൈൻവഴി വെള്ളം ചാർജ്ജ് ചെയ്യുമ്പോൾ പൈപ്പുകൾ പൊട്ടിപ്പൊളിഞ്ഞ് എല്ലായിടത്തും വെള്ളം നഷ്ടമാകുകയും വെള്ളം ലഭിക്കാതാകുകയും ചെയ്യുന്നു. പൈപ്പ് ലൈനുകളുടെ പണിയിലുടനീളം അഴിമതി നടന്നിട്ടുണ്ട്. സർക്കാർ ഇതിൽ അന്വേഷണം നടത്തണം. പൈപ്പ് ലൈനുകൾ മാറ്റി പദ്ധതി പൂർത്തീകരിച്ച് എത്രയും വേഗം കമ്മീഷൻ ചെയ്യാൻ നടപടിയുണ്ടാകണം. തിരുനെല്ലി പഞ്ചായത്തിന്റെ മൂന്നു കോടി രൂപയുടെ എ. ആർ. ഡബ്ലിയു. എസ്. കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ബാക്കി പണികളെല്ലാം പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ വൈദ്യുതീകരണം നടത്തി പദ്ധതി എത്രയുംവേഗം നടപ്പിലാക്കണം. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന എന്റെ മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം എത്രയുംവേഗം സഫലീകരിക്കണം. അടയ്ക്കാത്തോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്തിന്റെ 7 വാർഡുകളിൽ 2,500 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. എന്നാൽ ഡീസൽ എഞ്ചിൻ ഉപയോഗിച്ചിട്ടുള്ള പ്രവർത്തനമായതിനാൽ ജലവിതരണം പൂർണ്ണമായും എല്ലാ ദിവസവും നടത്താൻ കഴിയുന്നില്ല. പൈപ്പ് ലൈനും കുറെയേറെ നശിച്ചുപോയിരിക്കുന്നു. പൈപ്പ് ലൈൻ പുതുതായി സ്ഥാപിക്കുകയും പദ്ധതി വൈദ്യുതീകരിച്ച് ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് പമ്പിംഗ് നടത്തുന്നതിന് അനുമതിയുണ്ടാവുകയും വേണം. കൊട്ടിയൂർ പഞ്ചായത്തിലെ പദ്ധതിയായ പാലുകാച്ചി വെങ്ങലോടി പദ്ധതിയുടെ പണി പൂർത്തിയായതായി അറിഞ്ഞുവെങ്കിലും ഇതുവരെ ഒരു തുള്ളി വെള്ളംപോലും പമ്പു ചെയ്തിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ എല്ലാ പദ്ധതികളുടേയും തടസ്സങ്ങൾ മാറ്റി കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ നോർത്ത് വയനാട് നിയോജകമണ്ഡലത്തിലെ എല്ലാ ശുദ്ധജല വിതരണ പദ്ധതികളും ടച്ച് ചെയ്താണ് പോയത്. ഞാൻ ഓരോ വാക്കിൽ അതിന് മറുപടി പറയാം. വേമം, നല്ലൂർനാട്, പൊരുന്നനൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള ഒരു ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 1989-ൽ തുടങ്ങിയതാണ്. 2002 മാർച്ച് മാസത്തിൽ അത് ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. പക്ഷേ അതിന്റെ കുറെ ഭാഗത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില പ്രശ്നങ്ങളൊക്കെ വന്നത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് അതിന്റെ കാര്യങ്ങളിൽ വീണ്ടും പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. 2003 ഡിസംബർ മാസത്തോടുകൂടി അത് പൂർണ്ണമായി കമ്മീഷൻ ചെയ്യും. മറ്റൊന്ന് അഞ്ചുകുന്ന് കുപ്പത്തോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എ. ആർ. പി. സ്കീമിൽ എടുത്തിരിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 113.8 ലക്ഷം രൂപയായിരുന്നു ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്. ഈ പദ്ധതിയിൽ 33,000 ആളുകൾക്ക് പ്രയോജനം കിട്ടും. ഇത് 12/2003-ൽ കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. തിരുനെല്ലി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി തിരുനെല്ലി പഞ്ചായത്തിനെ കംപ്ലീറ്റായി കവർ ചെയ്യുന്ന എ. ആർ. പി.-യിൽ ആവിഷ്ക്കരിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതി മുഖേന 38,800 പേർക്ക് പ്രയോജനം കിട്ടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 510 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്. ഇതിന്റെ പണികളിൽ 103 കിലോമീറ്ററോളം വരുന്ന വിതരണ ശൃംഖല സ്ഥാപിക്കാനുള്ള പണി അവശേഷിക്കുന്നുണ്ട്. ഇത് 2004 മാർച്ച് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പി. എം. ജി. വൈ. സ്കീം വഴി ആവിഷ്ക്കരിച്ച തിരുനെല്ലി ക്ഷേത്രത്തിന് സമീപമുള്ള പ്രദേശങ്ങൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഗുണം 14,000 ജനങ്ങൾക്ക് ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ എസ്റ്റിമേറ്റ് തുക 161 ലക്ഷം രൂപയാണ്. ഈ പദ്ധതി 2004 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മറ്റൊന്ന് പള്ളിക്കുന്ന് പാലിയണ പണിയ കോളനികൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയാണ്. ഇതിന്റെ പ്രവൃത്തികൾ ഏകദേശം എല്ലാംതന്നെ പൂർത്തിയായിട്ടുണ്ട്. ഇനി വൈദ്യുതി കണക്ഷനാണ് ലഭിക്കേണ്ടത്. ഇതിന്റെ മോട്ടോർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പണികൂടി പൂർത്തീകരിച്ചാൽ 2004 മാർച്ചിൽ ഇത് കമ്മീഷൻ ചെയ്യാവുന്നതാണ്. നോർത്ത് വയനാട്ടിലുള്ള കേളകം, കൊട്ടിയൂർ പഞ്ചായത്തുകൾക്കുവേണ്ടി പുതിയ പദ്ധതികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല. ഈ പഞ്ചായത്ത് പ്രദേശങ്ങൾക്കുവേണ്ടി നേരത്തെയുള്ള പദ്ധതികളിൽക്കൂടി 106 പൊതു ടാപ്പുകളിലൂടെയും 50 ഗാർഹിക കണക്ഷനുകളിലൂടെയും ശുദ്ധജല വിതരണം നടത്തിവരുന്നുണ്ട്. പുതിയ പദ്ധതികളെ സംബന്ധിച്ചും ആലോചിച്ച് അതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കാം.

ശ്രീമതി രാധാരാഘവൻ: സർ, ശുദ്ധജല വിതരണ പദ്ധതികളിൽ അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? ഈ ശുദ്ധജല വിതരണ പദ്ധതികൾക്ക് എത്രയും പെട്ടെന്ന് ഫണ്ട് അനുവദിച്ച് പണികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഏത് വിഷയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതെന്ന് എനിക്കറിയില്ല. എഴുതിത്തന്നാൽ അതിനെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കാം. ഞാൻ നേരത്തെ പറഞ്ഞ ഡേറ്റനുസരിച്ച് പദ്ധതികളുടെ പണികൾ എത്രയും പെട്ടെന്ന് തീർക്കപ്പെടും. ഞാൻ നേരത്തെ ഓരോ പദ്ധതിയും കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന ഡേറ്റിനെക്കുറിച്ച് പറഞ്ഞു. ആ ഷെഡ്യൂൾ അനുസരിച്ച് അപ്രകാരം തന്നെ പോകും.

III. സബ്മിഷൻ

(1) മാറാട് കൂട്ടക്കൊലയെത്തുടർന്ന് വീടു വിട്ടുപോയവരെ പുനരധിവസിപ്പിക്കാനുള്ള നടപടി

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, മാറാട് കൂട്ടക്കൊല നടന്നിട്ട് നൂറു ദിവസം കഴിഞ്ഞിരിക്കുകയാണ്. മാറാട് പ്രദേശത്തുനിന്നും ഭയന്നോടിപ്പോയ നാന്നൂറോളം കുടുംബങ്ങൾക്ക് ഇപ്പോഴും സ്വന്തം വീടുകളിലേയ്ക്ക് തിരിച്ചുവരാൻ കഴിഞ്ഞിട്ടില്ല. വൃദ്ധരായിട്ടുള്ള അഞ്ചോളമാളുകൾ തെരുവുകളിൽ കിടന്നു മരിച്ചു. രണ്ടായിരത്തോളം ആളുകൾ ഇപ്പോഴും തെരുവിലാണ്. ഇവർക്ക് താമസിക്കാൻ സംരക്ഷണം കൊടുക്കേണ്ടത് ഗവൺമെന്റാണെന്ന് ഹൈക്കോടതി ഉത്തരവായതിനുശേഷവും ഇന്നലെ അക്രമം നടന്ന സ്ഥലത്തിന് തൊട്ടുപിന്നിലായി ചുള്ളിയാംവളപ്പ് എന്ന പ്രദേശത്ത് ഉമ്മറും, (ഉമ്മർ ട്രോളി തൊഴിലാളിയാണ്.) ഉമ്മറിന്റെ ഭാര്യയും മക്കൾ സാഹിർ, ഉമ്മറിന്റെ ഒരു ജ്യേഷ്ഠത്തി ഷമീല എന്നിവർ സ്വന്തം വീട്ടിൽ താമസിക്കാൻ വന്നു. അവർക്ക് സ്വന്തമായി കിണറോ പൈപ്പോ ഇല്ല, അയൽ വീട്ടിൽ നിന്നാണ് വെള്ളമെടുക്കുന്നത്. അയൽക്കാർ കൊടുക്കാൻ തയ്യാറുമാണ്. പക്ഷെ മാറാടുള്ള സ്ത്രീകൾ ആ ഭാഗത്തേയ്ക്ക് വന്ന് ബഹളംവച്ച് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly